(സി) വിഴിഞ്ഞം ഇറമുഖ പദ്ധതിയുടെ കരാർ അദാനിക്ക് നൽകുന്ന വിഷയം 20-5-2015-ലെ മന്ത്രിസഭായോഗത്തിലാണ് ആദ്യമായി പരിഗണനയ്ക്ക് വന്നത്. 3-6-2015-ലെ സർവ്വ കക്ഷിയോഗത്തിനുശേഷം തീരുമാനം എടുക്കാവുന്നതാണെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചതിനെത്തുടർന്ന് സർവ്വകക്ഷിയോഗം നടത്തുകയും 10-6-2015-ലെ മന്ത്രിസഭാ യോഗത്തിൽ വീണ്ടും ഈ വിഷയം പരിഗണിക്കുകയും അദാനി സമർപ്പിച്ച ബിഡ് അംഗീകരിക്കുവാൻ തത്വത്തിൽ സർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

കായിക്കര പാലം നിർമ്മാണം

1024 (2923) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വക്കം അഞ്ചുതെങ്ങ് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കായിക്കരപാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലെന്ന് വിശദമാക്കാമോ ;

(ബി) നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വക്കം ഗ്രാമപഞ്ചായത്തിനെയും അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കരപാലം നിർമ്മിക്കുന്നതിന് 1925 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നബാർഡ് ധനസഹായ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനായി തയ്യാറാക്കിയിരുന്നുവെങ്കിലും ടി പ്രവൃത്തിക്ക് സ്ഥലം ലഭ്യമല്ലാത്തതിനാൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) ടി പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത് ലഭ്യമാക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. നബാർഡ് ഗൈഡ്ലൈൻസ് പ്രകാരം പ്രവൃത്തിക്കാവശ്യമായ സ്ഥലം പൂർണ്ണമായും ഏറ്റെടുത്താൽ മാത്രമേ പദ്ധതിക്ക് നബാർഡ് അംഗീകാരം ലഭിക്കുകയുള്ളൂ. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

വിഴിഞ്ഞം പദ്ധതി

106 (2925) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം പദ്ധതി അദാനി ഗ്രൂപ്പിന് നൽകുന്നതിന് തീരുമാനിച്ച മന്ത്രിസഭാ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയുടെ എം.ഒ.യു.-വിലെ വ്യവസ്ഥകളുടെ വിശദാംശം നൽകുമോ ; അല്ലെങ്കിൽ പ്രസ്തുത കരാറിന്റെ കരട് രൂപത്തിന്റെ പകർപ്പ് നൽകുമോ ;

(സി) എന്നുമുതൽ പദ്ധതി ആരംഭിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) മന്ത്രിസഭാ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധം I ആയി വച്ചിട്ടുണ്ട്

(ബി) ആഗോള മത്സരാധിഷ്ഠിത ടെണ്ടർ നടന്നതിനാൽ എം.ഒ.യു. ഉണ്ടായിരുന്നില്ല. കരട് കൺസഷൻ കരാർ തുറമുഖ കമ്പനിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതിന്റെ സോഫ്റ്റ് കോപ്പി അനുബന്ധം II ആയി വച്ചിട്ടുണ്ട്.*

(സി) പദ്ധതി 2015, നവംബർ 1-ന് തുടങ്ങുവാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്.

വിഴിഞ്ഞം തുറമുഖ പദ്ധതി

107 (2926) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഇപ്പോഴത്തെ കരാർ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ മൊത്തം ചെലവ് എത്രയാണെന്നും അതിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ചെലവ് മൊത്തം എത്രയായിരിക്കുമെന്നും, കരാറുകാരനായ ഗൗതം അദാനിയുടെ കമ്പനി എത്ര കോടി രൂപ സ്വന്തം നിലയിൽ കണ്ടെത്തുന്നുണ്ടെന്നും ബാങ്ക് വഴി അദാനി കണ്ടെത്തുന്ന തുക എത്രയായിരിക്കുമെന്നും വിശദമാക്കാമോ ;

(ബി) അടിസ്ഥാന സൗകര്യ വികസനം, ഭൂമി വില തുടങ്ങിയവ ഉൾപ്പെടെ പദ്ധതിക്ക് സർക്കാരും-കേന്ദ്ര സർക്കാരും ചേർന്ന് ചെലവഴിക്കുന്ന മൊത്തം തുകയുടെ ഇരുപത് വർഷത്തെ പലിശ എത്ര കോടി രൂപ ആയിരിക്കും ; ഇത്തരമൊരു പരിശോധന നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പദ്ധതിയിൽ നിന്നും 20 വർഷത്തിനുശേഷം ലഭിക്കുന്ന ഒരു ശതമാനം വരുമാന വിഹിതം മേൽപ്പറഞ്ഞ പലിശ നൽകുന്നതിന് മതിയാകുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിനു മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly